# പാഠപുസ്തകങ്ങളിലെ സ്ത്രീ
# ഒരു സാംസ്കാരികാന്വേഷണം

അക്ഷയ ടി.എസ്
ഗവേഷക, യു. സി. കോളേജ്, ആലുവ

കേരളത്തിന്റെ സാമൂഹികജീവിതപരിസരത്തിൽ ദിശാവ്യതിയാനങ്ങൾക്കു വഴിയൊരുക്കിക്കൊണ്ടാണ് നവോത്ഥാനവും ആധുനികതയും കടന്നുവരുന്നത്. ജാതികേന്ദ്രീകൃതമായി നിലനിന്നിരുന്ന എല്ലാ വ്യവഹാരങ്ങളെയും പ്രതിരോധിച്ചുകൊണ്ട് വ്യക്തികേന്ദ്രീകൃത വ്യവസ്ഥയിലേക്ക് കേരളീയസമൂഹത്തെ മാറ്റിയെടുക്കാൻ നവോത്ഥാന-ആധുനികതാപരിഷ്കരണ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞുവെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. പ്രത്യക്ഷത്തിൽ ജാതി അപ്രധാനമാവുകയും ജാതിഭേദമന്യേ മനുഷ്യരെല്ലാം ഒന്നാണെന്ന ധാരണ അംഗീകരിക്കപ്പെടുകയും ചെയ്തു. അതേസമയം മനുഷ്യരെന്നാൽ ആൺ-പെൺ വിഭജനം ഉൾക്കൊള്ളുന്നതാണെന്ന് ഊട്ടിയുറപ്പിക്കുകയും ചെയ്തു. ജാതി വ്യത്യാസത്തിന്റെ പേരിലുണ്ടായിരുന്ന വേർതിരിവുകളും അവഗണനകളും 'ജാതി'യിൽ നിന്നുമാറി 'ലിംഗ'ത്തിന്റെ പേരിൽ പുതിയ രൂപത്തിൽ പ്രകടമാകുന്ന കാഴ്ചയാണ് തുടർന്ന് സംഭവിക്കുന്നത്.

കേരളത്തിന്റെ വിദ്യാഭ്യാസനയങ്ങളെ രൂപീകരിച്ചതിൽ കൊളോണിയലിസത്തിനും മിഷനറിപ്രവർത്തനങ്ങൾക്കും മുഖ്യപങ്കുണ്ട്. വിദ്യാഭ്യാസത്തിന്റെയും സ്വതന്ത്രചിന്തയുടെയും ഫലമായാണ് ജാതിയിലധിഷ്ഠിതമായ കേരളീയസമൂഹം പുതിയൊരു സാമൂഹ്യക്രമത്തിലേക്ക് എത്തിച്ചേർന്നത്. കേരളത്തിന്റെ പലഭാഗങ്ങളിലും വിദ്യാലയങ്ങൾ സ്ഥാപിച്ച് വിദ്യാഭ്യാസം സാർവത്രികമാക്കാൻ മിഷനറിമാർക്ക് സാധിച്ചു. സി.എം.എസ്. മിഷനറിമാർ 1825-ന് മുൻപുതന്നെ ആലപ്പുഴയിൽ പെൺകുട്ടികൾക്ക് മാത്രമായി ഒരു സ്കൂൾ ആരംഭിക്കുകയുണ്ടായി[1].

അതിനെത്തുടർന്ന് 'ബോയ്സ് ഓൺലി', 'ഗേൾസ് ഓൺലി' എന്നീ പേരുകളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകമായി ധാരാളം സ്കൂളുകളും കോളേജുകളും രൂപീകരിക്കപ്പെട്ടു. തൊണ്ണൂറുകളായപ്പോഴേക്കും വിദ്യാഭ്യാസഡയറക്ടറെ നിയമിക്കുകയും പെൺകുട്ടികൾക്കു മാത്രമായി നിലവിൽവന്ന സ്കൂളുകൾ പ്രത്യേകം ഇൻസ്പെക്ട്രസ്സുമാരുടെ ചുമതലയിലാക്കുകയും ചെയ്തു[2]. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം സ്കൂളുകൾ സ്ഥാപിതമായതോടെ ആണും പെണ്ണും രണ്ടുവ്യത്യസ്തവിഭാഗമാണെന്നും ജൈവശാസ്ത്രപരമായി വ്യത്യസ്തരായതുകൊണ്ട് പരസ്പരം അകറ്റിനിർത്തപ്പെടേണ്ടവരാണെന്നുമുള്ള ബോധം പകർന്നുനല്കപ്പെട്ടു[3]. ചുരുക്കത്തിൽ കേരളീയസമൂഹത്തെ പരിഷ്കരിക്കുന്നതിൽ വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യമെന്താണെന്നു കാണിച്ചുതന്ന നവോത്ഥാന-ആധുനികതാപദ്ധതികളുടെ മറ്റൊരുവശം ലിംഗപദവീപരമായ വ്യത്യസ്തതയെ ഉറപ്പിച്ചെടുക്കാനുള്ള ഉപകരണമായി വിദ്യാഭ്യാസത്തെ ഉപയോഗപ്പെടുത്തി എന്നുള്ളതാണ്.

ഒരു ഘട്ടമെത്തിയപ്പോൾ ആൺകുട്ടികളും പെൺകുട്ടികളും കൂടിച്ചേർന്ന മിക്സഡ് കോളേജുകളും സ്കൂളുകളും രൂപീകരിക്കപ്പെട്ടെങ്കിലും ആൺ-പെൺ വിഭജനത്തിന്റെ യുക്തി ക്ലാസ്മുറിയിൽ പ്രകടമായിരുന്നു. ആൺകുട്ടികളെയും പെൺകുട്ടികളെയും പ്രത്യേകം വേർതിരിച്ചിരുത്തുന്ന ബെഞ്ചുകളുടെ ക്രമീകരണത്തിന് പിന്നിൽ പ്രവർത്തിക്കുന്നത് ഈ ബോധ്യമാണ്. ക്ലാസ്മുറിയിൽ അനുസരണയില്ലാത്ത ആൺകുട്ടികൾക്ക് നേരെയുള്ള അധ്യാപകരുടെ പതിവുശകാരമാണ്: 'പറഞ്ഞതനുസരിച്ചില്ലെങ്കിൽ നിന്നെ പെൺകുട്ടികളുടെ ഇടയിലിരുത്തും' എന്നത്. അതാകട്ടെ ആൺകുട്ടികളെ സംബന്ധിച്ചിടത്തോളം അപമാനവും നാണക്കേടുമാണ്. പെൺകുട്ടികളെന്തോ വിലകുറഞ്ഞവരാണെന്നും അവരുടെ ഇടയിലിരുന്നാൽ തങ്ങളുടെ വിലയും ഇടിയുമെന്ന ഭീതി ആൺകുട്ടികളുടെയുള്ളിലുണ്ടായിരുന്നു. പെൺശരീരം മൂടിവെയ്ക്കപ്പെടേണ്ടതാണെന്നും ആണും പെണ്ണും ചേർന്നാൽ അരുതാത്തത് സംഭവിക്കുമെന്നും ശരീരം, ലൈംഗികത എന്നിവയെക്കുറിച്ചുള്ള പരാമർശങ്ങൾ ക്ലാസ്മുറിയിൽനിന്ന് അകറ്റിനിർത്തപ്പെടേണ്ടതാണെന്നുമുള്ള മനോഭാവമാണ് നിലവിലുണ്ടായിരുന്നതും നിലനിന്നുപോരുന്നതും[4].

ആണും പെണ്ണും രണ്ടുവ്യത്യസ്ത വിഭാഗമാണെന്നും ആണിനെയും പെണ്ണിനെയും വേർതിരിച്ച് വളർത്തണമെന്നുമുള്ള ബോധത്തിന്റെ അടിസ്ഥാനത്തിലാണ് ആധുനികതയുടെ ലിംഗപദവീ പ്രവർത്തിക്കുന്നത്. ഈ വിഭജനത്തെ അതേപടി പിന്തുടർന്നുകൊണ്ട്,

കുടുംബവും മതവും സാമൂഹ്യസംവിധാനങ്ങളുമെല്ലാം സ്ത്രീയും പുരുഷനും രണ്ടുവിഭാഗമാണെന്ന് കുഞ്ഞുങ്ങൾ ജനിക്കുമ്പോൾ മുതൽ അവരെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പേരിടുന്നതിനും കളിപ്പാട്ടങ്ങൾനൽകുന്നതിനും അണിയിച്ചൊരുക്കുന്നതിനും വസ്ത്രങ്ങൾ ധരിപ്പിക്കുന്നതിനും ജോലികൾചെയ്യിപ്പിക്കുന്നതിനും ഉത്തരവാദിത്വമേല്പിക്കുന്നതിനും പിന്നിൽ പ്രവർത്തിക്കുന്നതും ഈ ബോധ്യമാണ്. വിദ്യാലയങ്ങളിൽ എത്തുന്നതോടെ അധ്യാപകരിലൂടെയും പാഠപുസ്തകങ്ങളിലൂടെയും പഠന-പഠനേതര പ്രവർത്തനങ്ങളിലൂടെയും സ്ത്രീ-പുരുഷഭേദത്തെക്കുറിച്ചുള്ള ധാരണകൾ വികസിക്കുകയും ചെയ്യുന്നു. അങ്ങനെ സമൂഹത്തിൽ പ്രാബല്യം നേടിയ സ്ത്രീയുടെയും പുരുഷന്റെയും ലിംഗപദവീപരമായ കർതൃത്വസങ്കല്പങ്ങൾ മാറ്റമില്ലാതെ വാർത്തെടുക്കപ്പെടുന്നു.

ജാതികേന്ദ്രിതമായി നിലനിന്നിരുന്ന വിഭജനങ്ങളെ അപ്രധാനമാക്കി ലിംഗപദവീപരമായ വിഭജനങ്ങളെ ശക്തിപ്പെടുത്താനുള്ള മാധ്യമമായാണ് വിദ്യാഭ്യാസത്തെ നവോത്ഥാന/ആധുനിക ചിന്തകൾ ഉപയോഗപ്പെടുത്തിയതെന്ന് നിരീക്ഷിക്കാവുന്നതാണ്. ആൺകോയ്മാവ്യവസ്ഥിതി ശക്തിപ്രാപിക്കുകയും പുരുഷനിൽ അധികാരം കേന്ദ്രീകരിക്കുകയും പുറത്തിന്റെ ഉടമ പുരുഷനാവുകയും കുടുംബത്തെ സംരക്ഷിക്കാനുള്ള സ്വാതന്ത്ര്യം പുരുഷൻ കയ്യടക്കുകയും ചെയ്തതോടെ പുരുഷനെ ആശ്രയിച്ച് വീടിനകത്ത് ഒതുങ്ങികഴിയേണ്ടവളാണ് സ്ത്രീയെന്ന് പഠിപ്പിക്കപ്പെട്ടു. പുരുഷാധിപത്യസമൂഹത്തിന്റെ കല്പനകൾക്കനുസൃതമായി സ്ത്രീയുടെ ലിംഗപരമായ കർതൃത്വം നിർമ്മിക്കപ്പെടുകയും ചെയ്തു. ആ നിർമ്മിതിയിൽ പാഠപുസ്തകങ്ങൾക്കുള്ള പങ്ക് എന്താണെന്ന് കണ്ടെത്താനുള്ള ശ്രമമാണ് ഈ പ്രബന്ധം.

## സ്ത്രീ-സ്വത്വനിർമിതിയുടെ പാഠങ്ങൾ

രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവുമായ ശക്തികൾ നിർമ്മിക്കുന്ന പൊതുബോധങ്ങളിലൂടെയാണ് നാം ജീവിക്കുന്നത്. നിർമ്മാണ പ്രക്രിയയിൽ സാമൂഹ്യ ഇടപെടലുകൾ പ്രധാനമാണ്. രാഷ്ട്രസങ്കല്പം, മതസങ്കല്പം, പുരുഷസങ്കല്പം, സ്ത്രീ സങ്കല്പം എന്നിവയെല്ലാം കൃത്യമായ ബോധ്യത്തോടെ നിർമ്മിക്കപ്പെടുന്നവയാണ്. ആ നിർമ്മിതിയിൽ അധികാരവ്യവസ്ഥയും സാമൂഹ്യവ്യവസ്ഥയുമെല്ലാം കൃത്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്. സങ്കല്പങ്ങളെയും സ്ഥാപനങ്ങളെയും നിർമ്മിച്ചെടുക്കുന്നതിൽ ഭാഷയ്ക്ക്/ആഖ്യാനത്തിന് നിർണായകമായ പങ്കുണ്ട്. സ്ഥാപിതമായ സങ്കല്പനങ്ങൾ വാമൊഴിയായി പ്രചരിച്ചിട്ടുള്ള

പാട്ടുകളിലൂടെയും കഥകളിലൂടെയും ശൈലികളിലൂടെയും ചൊല്ലുകളിലൂടെയും വിശ്വാസങ്ങളിലൂടെയും തലമുറയിൽനിന്ന് തലമുറയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നു. അങ്ങനെ നിലവിലുള്ള സങ്കല്പങ്ങൾ മാറ്റമില്ലാതെ ദൃഢമൂലമായി നിലകൊള്ളുകയും ചെയ്യുന്നു. ഭാഷയുടെ അബോധതലത്തിലൂടെയാണ് സ്വത്വനിർമ്മിതി നടക്കുന്നത്. ഭാഷയാണ് ആശയങ്ങളെ നിർമ്മിക്കുന്നത്. ഭാഷയാണ് സ്വത്വത്തെയും നിർമ്മിക്കുന്നത്. ഭാഷയിലൂടെയുള്ള പ്രസ്താവനയിലൂടെയാണ് കർതൃത്വം നിർമ്മിക്കപ്പെടുന്നത്. ജൈവികമായി, ജന്മസിദ്ധമായി ആണായി പിറക്കുന്നവർക്കും പെണ്ണായി പിറക്കുന്നവർക്കും ഒരേ തരത്തിലുള്ള ഗുണങ്ങളും കഴിവുകളുമാണുള്ളത്. എന്നാൽ "നീയൊരു ആണാണ്, ശക്തനാണ്, സർവ്വസ്വതന്ത്രനാണ്, ധൈര്യശാലിയാണ്, അധികാരിയാണ്" എന്നിങ്ങനെ പറയുന്നതിലൂടെ ആൺസ്വത്വത്തെ ഭാഷയിലൂടെ രൂപപ്പെടുത്തുന്നു. അതോടൊപ്പം "നീയൊരു പെണ്ണാണ്, എല്ലാം അനുസരിക്കേണ്ടവൾ, അടക്കവും ഒതുക്കവും വേണ്ടവൾ, ഉറക്കെ സംസാരിക്കാൻ പാടില്ലാത്തവൾ, കിട്ടുന്നതുകൊണ്ട് തൃപ്തിപ്പെടേണ്ടവൾ, ഭർത്താവിനെയും കുഞ്ഞുങ്ങളെയും സേവിച്ച് കുടുംബം പുലർത്തേണ്ടവൾ" എന്നിങ്ങനെ ഭാഷയിലൂടെ നിരന്തരം ആവർത്തിക്കപ്പെടുന്നതിലൂടെ പെൺസ്വത്വവും ഭാഷയിലൂടെയാണ് നിർമ്മിക്കപ്പെടുന്നത്. ഭാഷയിലൂടെ "നീയൊരു ആണാണ്/പെണ്ണാണ്" എന്നു പറയുന്നതിലൂടെയാണ് ഓരോരുത്തരും ആണും പെണ്ണുമായി തീരുന്നത്. ആണത്തം, പെണ്ണത്തം എന്നിവ ജൈവശാസ്ത്രപരമല്ല. അത് നിലവിലുള്ള വ്യവസ്ഥിതിയുടെയും മൂല്യങ്ങളുടെയും ഭാഷയുടെയും അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെടുന്നതാണ്.

സാമൂഹികസ്ഥാപനങ്ങളുടെ താല്പര്യങ്ങൾക്കനുസരിച്ച് സാംസ്കാരികമായി നിർമ്മിക്കപ്പെടുന്നതാണ് ലിംഗപരമായ സ്വത്വം (Gender) എന്ന തിരിച്ചറിവ് സ്ത്രീവാദ സിദ്ധാന്തങ്ങൾക്ക് കരുത്തേകി. പുരുഷാധിപത്യത്തെ ബഹുമാനിക്കുന്ന സമൂഹത്തിന്റെ കാഴ്ചപ്പാടുകൾക്കനുസരിച്ചു നിർമ്മിക്കപ്പെടുന്നതാണ് സ്ത്രീയുടെ ലിംഗപരമായ സ്വത്വം എന്ന യാഥാർത്ഥ്യം തിരിച്ചറിയപ്പെട്ടപ്പോൾ സ്ത്രീയുടെ രണ്ടാംകിട സ്ഥാനത്തിനുത്തരവാദി നിലവിലുള്ള ആൺകോയ്മയിലധിഷ്ഠിതമായ സ്ഥാപനതാല്പര്യങ്ങളാണ് എന്ന വാദം ശക്തമായി.

ആദ്യകാല സ്ത്രീവാദചിന്തകരിൽ പ്രശസ്തയായ വെർജീനിയ വൂൾഫ് സ്ത്രീയുടെ ലിംഗപരമായ സ്വത്വം സാമൂഹികമായി നിർമ്മിക്കപ്പെടുന്നതാണെന്നും അതിനെ മാറ്റിമറിയ്ക്കാനും പ്രതിരോധിക്കാനും കഴിയുമെന്ന് മനസ്സിലാക്കിയിരുന്നു. ഈ നിരീക്ഷണത്തിന് കൃത്യത കൈവന്നത്

സിമോങ് ഡി ബൂവ്വറുടെ The Second sex എന്ന ഗ്രന്ഥത്തിലൂടെയാണ്. 'ഒരാൾ സ്ത്രീയായി ജനിക്കുകയല്ല, സ്ത്രീയായിത്തീരുകയാണ്'[5] എന്ന ബൂവ്വറുടെ ആശയം സ്ത്രീയുടെ സ്വത്വം സാമൂഹികനിർമ്മിതിയാണെന്ന വസ്തുതയെ ശക്തിപ്പെടുത്തി. പുരുഷനെ ആശ്രയിച്ച് ജീവിക്കേണ്ടവളാണ് സ്ത്രീയെന്നും കുടുംബത്തെ പരിപാലിച്ച് ജീവിക്കേണ്ടവളാണ് സ്ത്രീയെന്നും പുരുഷനെ കൂടാതെ സ്ത്രീയ്ക്ക് സ്വതന്ത്രമായി നിലനില്പില്ലെന്നും പറഞ്ഞുവെച്ചിട്ടുള്ള പുരുഷാധിപത്യ സമൂഹത്തിന്റെ താല്പര്യങ്ങൾക്കനുസൃതമായാണ് സ്ത്രീയുടെ സ്വത്വം നിർമ്മിക്കപ്പെടുന്നത്. ആൺകോയ്മ വ്യവസ്ഥിതിയിൽ ലിംഗപരമായമേധാവിത്വം പുരുഷനാണ്. അതോടെ പുരുഷൻ പൂർണ്ണ സ്വതന്ത്രനും സർവ്വാധികാരിയുമായി സ്ഥാനമുറപ്പിച്ചു. സ്ത്രീയാകട്ടെ അസ്വതന്ത്രയും അബലയുമാണെന്ന് മുദ്രകുത്തപ്പെട്ടു. സ്ത്രീയുടെ പ്രവൃത്തികളും മനോവിചാരങ്ങളും ചലനങ്ങളുമെല്ലാം എപ്രകാരമായിരിക്കണമെന്ന് ആണധികാര വ്യവസ്ഥിതി നിർണ്ണയിക്കുന്നു. അപ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുള്ള സ്ത്രീസങ്കല്പത്തിനനുസരിച്ചാണ് പെൺകുഞ്ഞുങ്ങൾ സ്ത്രീകളായി രൂപാന്തരപ്പെടുന്നത്. വ്യവസ്ഥാപിതമായ ധാരണകളും സാമൂഹിക സ്ഥാപനങ്ങളുമെല്ലാം പുരുഷന്റെ കാഴ്ചപ്പാടിലുള്ള സ്ത്രീസ്വത്വനിർമ്മിതി നിർവ്വഹിക്കുന്നുണ്ട്. ലിംഗപദവി ശാരീരികമായ വ്യത്യസ്തതകൾക്കപ്പുറം ഒരു സാംസ്കാരിക നിർമ്മിതിയാണെന്ന വാദം കേറ്റ്മില്ലറ്റ്, 'ലൈംഗികതയുടെ രാഷ്ട്രീയം' എന്ന കൃതിയിലൂടെ അവതരിപ്പിക്കുന്നുണ്ട്. തുടർന്ന് ലിംഗഭേദമെന്നത് ജന്മനാ നിലനില്ക്കുന്ന ഒന്നല്ലെന്നും പുരുഷാധിപത്യത്തെ ബഹുമാനിക്കുന്ന സ്ഥാപനങ്ങളുടെ സൃഷ്ടിയാണതെന്നും പ്രകടനപരമായ പ്രവൃത്തിയിലൂടെ നിലനില്ക്കുന്നതാണ് ലിംഗപദവിയെന്നുമുള്ള വീക്ഷണമാണ് ജൂഡിത്ത് ബട്ലർ അവതരിപ്പിക്കുന്നത്[6].

## പാഠ്യപദ്ധതിയും സ്ത്രീസങ്കല്പവും

സ്ത്രീയെയും പുരുഷനെയുംകുറിച്ചുള്ള സമൂഹത്തിന്റെ കാഴ്ചപ്പാടുകൾ അതേപടി നിലനിർത്താനുള്ള ഒരുപാധിയാണ് വിദ്യാഭ്യാസപ്രക്രിയയും, അതിന്റെ ഉള്ളടക്കവും. അറിവിന്റെ വിനിമയമാദ്ധ്യമമായ വിദ്യാഭ്യാസത്തിന് നിലവിലുള്ള സാമൂഹ്യപരിസരത്തെയും വിനിമയം ചെയ്യാനുള്ള കഴിവുണ്ട്. വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം മനസ്സിലാക്കാൻ സാധിക്കുന്നത് പാഠപുസ്തകങ്ങളിലൂടെയാണ്. ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട ഉദാഹരണങ്ങളും സംഭാഷണങ്ങളും കഥകളും ചിത്രങ്ങളുമെല്ലാം പാഠഭാഗങ്ങളുമായി ചേർത്തുവെയ്ക്കുമ്പോൾ കുട്ടികൾക്ക് എളുപ്പത്തിൽ പാഠങ്ങൾ മനസിലാക്കാൻ സാധിക്കുന്നു. അതോടൊപ്പം സ്ത്രീയെയും

പുരുഷനെയും സംബന്ധിച്ച നിലവിലുള്ള സങ്കല്പങ്ങളും വിശ്വാസങ്ങളും ധാരണകളും പ്രത്യക്ഷമായും പരോക്ഷമായും പങ്കുവെച്ച് കുട്ടികളെ അപ്രകാരം രൂപാന്തരപ്പെടുത്തിയെടുക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. സ്ത്രീപുരുഷഭേദത്തെക്കുറിച്ചും സ്ത്രീയുടെയും പുരുഷന്റെയും ലിംഗപദവി തുല്യതയെക്കുറിച്ചും സ്ത്രീയുടെയും പുരുഷന്റെയും സ്വത്വത്തെപ്പറ്റിയുള്ള വ്യവസ്ഥാപിത ധാരണകളെക്കുറിച്ചുമെല്ലാം പാഠപുസ്തകങ്ങളിൽ പ്രതിപാദിക്കപ്പെടുന്നുണ്ട്. സ്വതന്ത്ര വ്യക്തിയെന്ന നിലയിൽ സ്ത്രീകളുടെ ഉയർത്തെഴുന്നേല്പ് സാധ്യമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സ്ത്രീ സ്വത്വനിർമ്മിതി പാഠപുസ്തകങ്ങളിൽ എപ്രകാരമാണ് ആവിഷ്കരിക്കപ്പെടുന്നതെന്ന അന്വേഷണത്തിന് വളരെയധികം പ്രസക്തിയുണ്ട്. സ്ത്രീയുടെയും പുരുഷന്റെയും ലിംഗപരമായ കർതൃത്വം പ്രകൃതിനിർണ്ണീതമല്ല. നിലവിലുള്ള അധീശവർഗ്ഗത്തിന്റെ ആഗ്രഹങ്ങൾക്കും സാമൂഹികവും മതപരവുമായ ചുറ്റുപാടുകളുടെ ബോധ്യങ്ങൾക്കുമനുസരിച്ച് കൃത്രിമമായി നിർമ്മിക്കപ്പെടുന്നതാണ് എന്നുവരുമ്പോൾ ആ നിർമ്മിതിയിൽ ഇടപെടലുകൾ നടത്തുന്ന അധികാരവ്യവസ്ഥയുടെയും സാമൂഹ്യവ്യവസ്ഥയുടെയും സ്ഥാപിതതാല്പര്യങ്ങൾ എങ്ങിനെയെല്ലാം സ്വാധീനിക്കാൻ ശ്രമിക്കുന്നുണ്ടെന്നതിന്റെ കണ്ടെത്തലും ഉചിതമായിത്തീരുന്നു. കേരള പാഠ്യപദ്ധതി പ്രകാരമുള്ള 2016-ൽ പ്രസിദ്ധീകരിക്കപ്പെട്ട ഒന്നുമുതൽ അഞ്ചുവരെയുള്ള ക്ലാസ്സുകളിലെ തെരഞ്ഞെടുക്കപ്പെട്ട പാഠപുസ്തകങ്ങളിലുള്ള സ്ത്രീകളുടെ സാന്നിദ്ധ്യത്തെയും അഭാവത്തെയും ഇടപെടുന്ന മേഖലകളെയും ഭാഷാപ്രയോഗത്തിലെ പ്രത്യേകതകളെയും ആധാരമാക്കിയാണ് ഈ പഠനം നടത്തിയിരിക്കുന്നത്. വിദ്യാർത്ഥികൾക്ക് അറിവ് പ്രദാനം ചെയ്യുന്ന പാഠപുസ്തകങ്ങൾ എങ്ങനെ ഒരു നിർമ്മാണ സാമഗ്രിയാകുന്നുവെന്നും നിലവിലുള്ള സാമൂഹ്യവ്യവസ്ഥിതി നിർമ്മിച്ചെടുത്തിട്ടുള്ള സ്ത്രീയുടെ കർതൃത്വത്തെക്കുറിച്ചുള്ള ധാരണകൾ ഏതെല്ലാം തരത്തിലൊക്കെ പകർന്നു നല്കാൻ ശ്രമിക്കുന്നുണ്ടെന്നുമാണ് ഈ പ്രബന്ധത്തിലൂടെ കണ്ടെത്താൻ ശ്രമിക്കുന്നത്.

ആണധികാര വ്യവസ്ഥിതി രൂപംനല്കിയിട്ടുള്ള കുടുംബമെന്ന സ്ഥാപനത്തിന്റെ നേർചിത്രമാണ് പാഠപുസ്തകങ്ങളിൽ ദൃശ്യമാകുന്നത്. കുടുംബത്തിനകത്തെ സ്ത്രീയുടെയും പുരുഷന്റെയും സ്ഥാനത്തെക്കുറി ച്ചുള്ള വ്യവസ്ഥാപിത ധാരണകൾ അതേമട്ടിൽതന്നെയാണ് പാഠപുസ്തകങ്ങളിലൂടെ പകർന്നു നല്കപ്പെടുന്നത്. കുടുംബത്തിന്റെ നാഥൻ പുരുഷനാണെന്നും പുരുഷന്റെ ആശ്രിതത്വത്തിൽ കഴിയേണ്ടവളാണ് സ്ത്രീയെന്നുമുള്ള ആശയം പല ഭാഗങ്ങളിലും പ്രബലമായി നിലകൊള്ളുന്നുണ്ട്. അച്ഛൻ, അമ്മ, ഭാര്യ, ഭർത്താവ്, മക്കൾ എല്ലാവരുമടങ്ങുന്ന കുടുംബത്തിൽ

സ്ത്രീയ്ക്ക് പലപ്പോഴും തന്റേതായ ഇഷ്ടങ്ങളും താല്പര്യങ്ങളും മറ്റുള്ളവരുടെ സന്തോഷത്തിനും സൗകര്യപ്രദമായ ജീവിതത്തിനും വേണ്ടി ബലികഴിക്കേണ്ടിവരുന്നു. രണ്ടാം ക്ലാസ്സിലെ മലയാള പാഠപുസ്തകത്തിലെ ഒരു ഭാഗം നോക്കാം. "വീട്ടിനകത്ത് എഴുതിക്കൊണ്ടിരിക്കുന്ന അച്ഛൻ. അടുക്കളയിൽ പണിയെടുക്കുന്ന അമ്മ. തുന്നിക്കൊണ്ടിരിക്കുന്ന ഒരു മകൾ, കട്ടിലിൽ കിടന്നു വായിക്കുന്ന മറ്റൊരു മകൾ, വീണ വായിച്ചു പാടുന്ന മൂന്നാമത്തെ മകൾ" (പുറം 30, 2016) ഇവിടെ അച്ഛനും മക്കളും അവർക്കിഷ്ടമുള്ള പ്രവൃത്തികളിലേർപ്പെട്ടിരിക്കുകയാണ്. അമ്മയെ സംബന്ധിച്ച് സ്വന്തം ഇഷ്ടങ്ങൾക്കും താല്പര്യങ്ങൾക്കുമൊന്നും പ്രസക്തിയില്ല. അടുക്കളപ്പണി തന്നെയാണ് മുഖ്യം. ഭർത്താവിനെയും മക്കളെയും സേവിച്ച് ജീവിക്കുന്നവരെയാണ് ഉത്തമസ്ത്രീകളായി ആണധികാര വ്യവസ്ഥിതി പരിഗണിക്കുന്നത്. ഈ ബോധം പകർന്നു നല്കാനാണ് പാഠസന്ദർഭം ശ്രമിക്കുന്നത്.

വീടിനകത്തിരിക്കേണ്ടവളാണ് സ്ത്രീയെന്നുള്ള, ആൺകോയ്മ സ്ഥാപിച്ചെടുത്ത, കീഴ്വഴക്കത്തോട് അനുഭാവം പുലർത്തുന്ന ധാരാളം സന്ദർഭങ്ങൾ പാഠപുസ്തകങ്ങളിലെ ഉള്ളടക്കങ്ങളിലുണ്ട്. വീട്ടമ്മയുടെ ലോകം വീട്ടിനുള്ളിലാണെന്നും വീട്ടുജോലികൾ ചെയ്ത് സന്തുഷ്ടരാവുക, വീട്ടിലുള്ളവർക്കെല്ലാം ഭക്ഷണമുണ്ടാക്കി വിളമ്പിക്കൊടുക്കുക. വീട്ടുകാരുടെയെല്ലാം വീട്ടിലെ ആവശ്യങ്ങൾ യഥാസമയം നിറവേറ്റുക, ഭർത്താവിനെയും മക്കളെയും അച്ഛനമ്മമാരെയും പരിപാലിക്കുക, എന്നിങ്ങനെയുള്ള കൃത്യങ്ങളിൽ മുഴുകിയുള്ള ജീവിതമാണ് വീട്ടമ്മയുടെതെന്നും പറഞ്ഞുവെച്ചിട്ടുള്ള പുരുഷാധിപത്യസമൂഹത്തിന്റെ നിലപാടുകൾ പാഠപുസ്തകങ്ങളിൽ ആവിഷ്കരിക്കപ്പെടുന്നുണ്ട്. അടുക്കളയിൽ ഭക്ഷണപദാർത്ഥങ്ങളുമായി നില്ക്കുന്ന വീട്ടമ്മയുടെ ചിത്രവും അച്ഛനും അമ്മയും ഭർത്താവും മക്കളും ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നതും അവർക്കരികിൽ നിന്ന് വീട്ടമ്മ ഭക്ഷണം വിളമ്പി കൊടുക്കുന്നതിന്റെ ചിത്രവും ഓണസദ്യയുണ്ണുന്ന ഭർത്താവിനും മകനും ഭക്ഷണം വിളമ്പി കൊടുക്കുന്ന വീട്ടമ്മയുടെ ചിത്രവും പാഠസന്ദർഭങ്ങളിലുണ്ട്. കഷ്ടതകൾ സഹിച്ച് ഭക്ഷണപദാർത്ഥങ്ങൾ പാകംചെയ്ത് അത് വിളമ്പിക്കൊടുത്ത് വീട്ടിലുള്ളവയെല്ലാം ഊട്ടിക്കൊണ്ടിരിക്കുന്ന വീട്ടമ്മയുടെ പ്രവൃത്തികളെ ആദർശവത്കരിച്ച് നിലനിർത്തിപോരുന്ന, ആൺകോയ്മയുടെ തന്ത്രമാണ് ഈചിത്രങ്ങൾക്ക് പിന്നിൽ പ്രവർത്തിക്കുന്നത്. വീട്ടമ്മയെ സംബന്ധിച്ചുള്ള ആണധികാരവ്യവസ്ഥിതിയുടെ കാഴ്ചപ്പാടുകളാണ് ഇവിടെ ആവർത്തിക്കപ്പെടുന്നത്. കുടുംബാംഗങ്ങളെല്ലാം ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുന്ന, ഓണസദ്യയുണ്ണുന്ന കാലഘട്ടത്തിലേക്ക് നാം

എത്തിയെങ്കിലും അക്കാലത്തുണ്ടാകുന്ന പാഠപുസ്തകങ്ങളിൽ അതിന്റെ പ്രതിഫലനം ഇല്ലാതെ പോകുന്നത് ദയനീയമാണ്. ആധുനികത നിർമ്മിച്ച ഗാർഹിക പരിസരങ്ങളുമായി ചേർന്നുനില്ക്കുന്ന കുടുംബിനിയായ വീട്ടമ്മയെയാണ് പാഠപുസ്തകങ്ങളിൽ കാണാൻ കഴിയുന്നത്.

മൂന്നാം ക്ലാസ്സിലെ പരിസരപഠനം പാഠപുസ്തകത്തിലെ 'തൊഴിലിന്റെ മാഹാത്മ്യം' എന്നഭാഗത്ത് കുടുംബാംഗങ്ങൾ പരസ്പരസഹകരണത്തോടെ വീട്ടുജോലികളിലേർപ്പെടുന്നതിന്റെ ചിത്രവും വിവരണവും നൽകിയിട്ടുണ്ട്. 'അച്ഛൻ വീട്ടിലെ മാറാല തൂക്കുന്നു. മകൾ വസ്ത്രം അലക്കുന്നു. അമ്മ മീൻ മുറിക്കുന്നു, മകൻ പാത്രം കഴുകുന്നു. ' കുടുംബനാഥനും ആൺകുട്ടികളും വീട്ടുജോലികളിൽ സ്ത്രീകളെ സഹായിക്കുന്നുണ്ടെങ്കിൽ അത് ഉചിതമാണ്. ഗാർഹിക തൊഴിലുകൾ സ്ത്രീയുടെമാത്രം ഉത്തരവാദിത്വമാണെന്ന പുരുഷാധിപത്യ നിലപാടുകളെ പൊളിച്ചെഴുതേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

സ്ഥാപനവത്കരിക്കപ്പെട്ട മാതൃത്വത്തിന്റെ കൃത്യമായ അടയാളപ്പെടുത്തലുകൾ പാഠഭാഗങ്ങളിലുണ്ട്. മാതൃത്വമെന്ന കർമ്മത്തിലൂടെയാണ് സ്ത്രീ യുടെ മഹത്വം നിലനില്ക്കുന്നതെന്നും മറ്റെല്ലാ വികാരങ്ങളെക്കാളും ഏറ്റവും തീക്ഷ്ണവും ശക്തവുമായ ഒന്നാണ് മാതൃസ്നേഹമെന്നും പറഞ്ഞുവെയ്ക്കുന്ന പാഠങ്ങൾ കാണാവുന്നതാണ്. മൂന്നാം ക്ലാസ്സിലെ മലയാള പുസ്തകത്തിലെ 'സ്നേഹം' എന്ന കവിത നോക്കാം.

"ഇവിടെ സ്നേഹിച്ചതാദ്യമായ് ആരെ ഞാൻ?
മിഴികളിൽ ചുണ്ടുചേർത്തൊരെന്നമ്മയെ
കവിത ചൊല്ലി പഠിപ്പിച്ചൊരച്ഛനെ
വഴിയൊരുക്കുവാൻ വന്ന ഗുരുവിനെ" (പുറം 60, 2016)

ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും കടന്നുവരുന്നവരുമായി സ്നേഹം പങ്കിടുന്നതിന്റെ വർണ്ണനയാണ് കവിതയുടെ ഉള്ളടക്കം. ഇവിടെ അമ്മയോടുള്ള സ്നേഹത്തിനാണ് പ്രഥമപ്രാധാന്യം നല്കുന്നത്. മഹത് വചനം പോലും 'മാതാ, പിതാ, ഗുരു, ദൈവം' എന്നതാണ്. ദൈവത്തേക്കാളും ,ഗുരുവിനേക്കാളും,അച്ഛനേക്കാളും, ഉന്നതമാണ് അമ്മയുടെ സ്ഥാനം, അമ്മയുടെ സ്നേഹം എന്ന മഹത്തായ ആശയം പകർന്നു നല്കാൻ പാഠഭാഗത്തിലൂടെ കഴിയുന്നുണ്ട്. മൂന്നാം ക്ലാസ്സിലെ കേരള പാഠാവലിയിലെ 'അമ്മയോടൊപ്പം' എന്ന ഭാഗത്തിൽ അഗതികളുടെ അമ്മയെന്നറിയപ്പെടുന്ന മദർ തേരേസയുടെ ജീവിതത്തിൽ ഒരു സ്വാധീനശക്തിയായി വർത്തിച്ച അമ്മയെക്കുറിച്ചുള്ള അനുഭവങ്ങൾ പങ്കുവെയ്ക്കുന്നുണ്ട്. മറ്റുള്ളവർക്ക് മാതൃകയാകത്തക്കവിധത്തിൽ ഹോംഗ്സ് എന്ന പെൺകുട്ടി

മദർ തേരേസയായി മാറിയതിനു പിന്നിൽ പ്രവർത്തിച്ച പ്രഥമശക്തി അമ്മയായിരുന്നെന്ന് കാണാം. അമ്മ പകർന്നുനല്കുന്ന പാഠങ്ങൾ, അമ്മയുടെ ഉപദേശങ്ങൾ,ഏതൊരു വ്യക്തിയുടെയും ജീവിതവിജയത്തിന്റെ, ജീവിത സാക്ഷാത്കാരത്തിന്റെ അടിസ്ഥാനമാണെന്ന് ഈ പാഠഭാഗം തെളിയിക്കുന്നു. മാതൃസ്നേഹത്തിന്റെ ഏറ്റവും ഉദാത്തഭാവം ആവിഷ്കരിക്കുന്ന ഇടശ്ശേരിയുടെ 'പൂതപ്പാട്ട്' എന്ന കവിതയെ ഉള്ളടക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. താഴെ വച്ചാലുറുമ്പരിച്ചാലോ, തലയിൽ വച്ചാൽ പേനരിച്ചാലോ എന്നിങ്ങനെ കുഞ്ഞുങ്ങളെ നോക്കാനുള്ള ഉത്തരവാദിത്വം അമ്മയ്ക്ക് മാത്രമാണെന്നുറപ്പിച്ചെടുത്ത പുരുഷാധിപത്യസമൂഹത്തിന്റെ താല്പര്യങ്ങൾക്കിണങ്ങുംവിധത്തിലുള്ള മാതൃസങ്കല്പനത്തിന്റെ പ്രതിഫലനമാണ് പാഠപുസ്തകങ്ങളിലുള്ളത്. അമ്മയും കുഞ്ഞും തമ്മിലുള്ള സ്നേഹബന്ധത്തെ പ്രമേയമാക്കി പക്ഷിമൃഗാദികൾ കഥാപാത്രമായി വരുന്ന കഥകളും പാഠപുസ്തകങ്ങളിലുണ്ട്. വ്യവസ്ഥാപിത ചട്ടക്കൂട്ടുകൾ കൃത്യമായി നിർവ്വചിച്ചുവെച്ചിട്ടുള്ള സ്നേഹം, വാത്സല്യം, കരുതൽ, നന്മ തുടങ്ങിയ മാതൃഭാവങ്ങളുടെ പ്രതിരൂപമായ സ്ത്രീസങ്കല്പമാണ് മാതൃത്വത്തെ ആവിഷ്കരിക്കുന്ന പാഠഭാഗങ്ങളിലൂടെ മുന്നോട്ടു വെയ്ക്കുന്നത്. ഒരു വശത്ത് സ്ത്രീയുടെ മാതൃത്വത്തെ മഹത്വവത്കരിക്കുന്നതിലൂടെ മറുവശത്ത് അവൾ കുഞ്ഞുങ്ങളെ പരിപാലിച്ച് വീടിനുള്ളിൽ ഒതുങ്ങി ജീവിക്കുമെന്ന് ആശ്വസിക്കുന്ന പുരുഷാധികാരത്തിന്റെ രാഷ്ട്രീയമാണ് മാതൃത്വത്തിന്റെ സ്ഥാപനവത്കരണത്തിന് പിന്നിലുള്ള ശക്തി.

അധികാരവും പദവിയും നിർണ്ണയിക്കുന്നതിൽ പണത്തിനുള്ള പങ്ക് വലുതാണ്. പണത്തിന്റെ ഉടമസ്ഥരിലാണ് അധികാരം കേന്ദ്രീകരിക്കുന്നത്. പുരുഷാധിപത്യ വ്യവസ്ഥിതിയിൽ പണത്തിന്റെ അധികാരി പുരുഷനാണ്. പണം ചെലവഴിക്കുന്ന പ്രവൃത്തികളിലെല്ലാം പുരുഷൻ സന്നിഹിതനായിരിക്കും. ഗൃഹനാഥനായ പുരുഷനാണ് കുടുംബകാര്യങ്ങളുടെ നടത്തിപ്പിനുള്ള പണം ചെലവഴിക്കുന്നത്. രണ്ടാം ക്ലാസ്സിലെ ഗണിത പുസ്തകത്തിലെ ഒരു കണക്ക് നോക്കാം. "ദിൽനയ്ക്ക് അച്ഛൻ 4 പത്ത് രൂപ നോട്ടുകൾ കൊടുത്തു. നാസിയയ്ക്ക് അവളുടെ അച്ഛൻ 3 പത്ത് രൂപ നോട്ടുകൾ നല്കി. രണ്ടു പേർക്കുംകൂടി എത്രരൂപ കിട്ടി" (പുറം 124, 2016) ഇവിടെ മക്കൾക്ക് പണം നല്കുന്നത് അച്ഛനാണ്. അമ്മയ്ക്ക് അതിനു കഴിയുന്നില്ല. സ്ത്രീകളെ അപേക്ഷിച്ച് തൊഴിൽ സ്വാതന്ത്ര്യവും സാമ്പത്തിക സ്വാതന്ത്ര്യവുമെല്ലാം പുരുഷന്മാർക്കാണുള്ളത്. മക്കൾക്ക് സ്കൂളിൽ പോകാനാവശ്യമായ ബാഗും കുടയും പുസ്തകങ്ങളും വാങ്ങിക്കൊടുക്കുന്ന അച്ഛൻ, മക്കൾക്ക് ബിസ്കറ്റും, മിഠായിയും സ്വർണ്ണാഭരണങ്ങളും വാങ്ങിക്കൊടുക്കുന്ന അച്ഛൻ, വീട്ടിലേക്കാവശ്യമായ

സാധനങ്ങൾ വാങ്ങിനൽകുന്ന ഭർത്താവ്, തുടങ്ങി ഗൃഹനാഥനായ പുരുഷന്റെ സാമ്പത്തിക ബലം തെളിയിക്കുന്ന ധാരാളം സന്ദർഭങ്ങൾ പാഠപുസ്തകങ്ങളിലുണ്ട്. പണത്തിന് ആവശ്യമുള്ള സന്ദർഭങ്ങളിലെല്ലാം കുടുംബാംഗങ്ങൾ ഗൃഹനാഥനായ പുരുഷനെ ആശ്രയിക്കുന്ന അവസ്ഥ യാണ് പാഠപുസ്തകങ്ങളിൽ ചിത്രീകരിക്കപ്പെടുന്നത്. നാലാം ക്ലാസ്സിലെ ഇംഗ്ലീഷ് പുസ്തകത്തിലെ ഒരു ഭാഗം കാണാം

'My father, dear father
Bring me sweets and toys
My mother, my mother
Tell me good stories' – (പുറം - 106, 2016)

കളിപ്പാട്ടവും മിഠായിയും പണംകൊടുത്ത് വാങ്ങിക്കേണ്ട വസ്തുക്ക ളായതിനാൽ കുട്ടി അത് ആവശ്യപ്പെടുന്നത് പണം കൈവശമുള്ള അച്ഛനോടാണ്. അതേ സമയം പണം കൈവശമില്ലാത്ത അമ്മയോട് കുട്ടി ആവശ്യപ്പെടുന്നത് പണച്ചെലവില്ലാത്ത കഥപറച്ചിൽ മാത്രമാണ്. അച്ഛന്റെയും അമ്മയുടെയും ഉത്തരവാദിത്വങ്ങൾ കൃത്യമായി വിഭജിച്ച വെച്ചിട്ടുള്ള യാഥാസ്ഥിതിക നിലപാടുകളാണ് ലളിതമായ രൂപത്തിൽ ഇവിടെ അവതരിപ്പിക്കപ്പെടുന്നത്.

പുറത്തിന്റെ ഉടമ പുരുഷനാണെന്നും വീടിനകത്ത് ഒതുങ്ങി കഴിയേ ണ്ടവളാണ് സ്ത്രീയെന്നുമുള്ള ധാരണയെ ശക്തിപ്പെടുത്തുന്ന ആധുനികത നിർമ്മിച്ച അകം/പുറം വിഭജനത്തിന്റെ സൂചനകൾ സ്വാഭാവികമായ രീതിയിൽ പാഠപുസ്തകങ്ങളിൽ കടന്നുവരുന്നുണ്ട്. സ്ത്രീയും പുരുഷനും ഇടപെടുന്ന തൊഴിൽ മേഖലകൾ അത് വ്യക്തമാക്കുന്നു. കച്ചടവക്കാർ, കർഷകർ, ഡ്രൈവർ, പട്ടാളക്കാർ, പോലീസ്, ഡോക്ടർ, വക്കീൽ, രാഷ്ട്രീയക്കാർ എന്നീ തൊഴിലുകളിലെല്ലാം പുരുഷന്മാരാണ് കടന്നു വരുന്നത്. അതേസമയം അധ്യാപിക, തയ്യൽക്കാരി, നേഴ്സ് എന്നീ നാമമാത്രമായ തൊഴിലുകൾ മാത്രമാണ് സ്ത്രീകൾക്ക് അനുവദനീയമാ യിരിക്കുന്നത്. അതെല്ലാം സേവനം, പരിചരണം, തുടങ്ങി സ്ത്രീകർത്ത വ്യങ്ങളായി സമൂഹം ഉറപ്പിച്ചെടുത്തിട്ടുള്ള പ്രവൃത്തികളുമായി ചേർന്നു നില്ക്കുന്നതും ഗാർഹിക വൃത്തിയുമായി ബന്ധപ്പെട്ടു നില്ക്കുന്നതുമായ തൊഴിലുകളാണ്. വീടിനു പുറത്തെ പ്രതിഫലമുള്ള ജോലികളിലേർ പ്പെടുന്ന പുരുഷൻ പണത്തിന്റെ അധികാരിയും സർവ്വസ്വതന്ത്രനുമായി തീരുമ്പോൾ വീടിനകത്തെ പ്രതിഫലമില്ലാത്ത ജോലികളിലേർപ്പെടുന്ന സ്ത്രീയ്ക്ക് പുരുഷനെ ആശ്രയിച്ച് ജീവിക്കേണ്ടിവരുന്നു. ഒന്നാംക്ലാസ്സിലെ ഗണിതപുസ്തകത്തിലെ ഒരു ഭാഗം ശ്രദ്ധിക്കാം. "ഒരിക്കൽ അമ്മ 20

മുട്ട അടവെച്ചു. 15 എണ്ണമേ വിരിഞ്ഞുള്ളൂ.'' (പുറം-100, 2016) ഇവിടെ അമ്മയുടെ സ്ഥാനത്ത് ഒരിക്കലും അച്ഛനെ കാണാൻ സാധിക്കില്ല. പുരുഷാധികാര സമൂഹത്തിൽ പൊതു ഇടങ്ങൾ സ്ത്രീകൾക്ക് നിഷേധിച്ചിരുന്നു. വീട്ടിലെ അടുക്കളപ്പണി ചെയ്തും കുഞ്ഞുങ്ങളെ നോക്കിയും ജീവിക്കേണ്ടിവന്ന സ്ത്രീകൾക്ക് പുരുഷന്മാരെപ്പോലെ ഉയർന്ന ഉദ്യോഗം വഹിക്കാനുള്ള സാഹചര്യം ഇല്ലായിരുന്നു. വീട്ടുപരിസരത്ത് കന്നുകാലികളെയും കോഴികളെയും വളർത്തി തൃപ്തരാകേണ്ടിവന്ന സ്ത്രീകൾക്ക്. ഇന്ന പൊതുരംഗത്തെ കർമ്മമണ്ഡലങ്ങളിൽ സ്ത്രീകളുടെ സജീവസാന്നിധ്യമുണ്ടെങ്കിലും അതിനെക്കുറിച്ച് പാഠപുസ്തകങ്ങൾ മൗനം പാലിയ്ക്കുകയാണ്. അധ്യാപികയുടെ രൂപത്തിലാണ് ഉദ്യോഗസ്ഥയായ സ്ത്രീയെ പാഠപുസ്തകങ്ങളിലധികവും കാണാൻ കഴിയുന്നത്. എന്നാൽ സ്കൂളിന്റെ സർവ്വാധികാരവും കേന്ദ്രീകരിക്കുന്ന പ്രധാന അധ്യാപകരുടെ രൂപത്തിൽ സ്ത്രീയ്ക്ക് പകരം പുരുഷൻ പ്രത്യക്ഷപ്പെടുന്നതിനു കാരണം ആജ്ഞാപിക്കാനും അനുസരിപ്പിക്കാനുമുള്ള അധികാരം പുരുഷനു മാത്രമാണുള്ളതെന്ന ബോധമാണ്. സ്കൂളിലെ പി.ടി.എ. യോഗങ്ങളുടെ ചിത്രത്തിൽ, പങ്കെടുക്കുന്നവരിലധികവും സ്ത്രീകളാണെങ്കിലും വേദിയിൽ നിന്ന് പ്രസംഗിക്കുന്ന പി.ടി.എ. പ്രസിഡന്റ് പുരുഷൻ ആണെന്ന് കാണാം. പി.ടി.എ. യോഗങ്ങളിൽ പൊതുവെ അച്ഛന്മാരേക്കാൾ കൂടുതലായി അമ്മമാരാണ് പങ്കെടുക്കുന്നത്. ആ വിരലിലെണ്ണാവുന്ന അച്ഛന്മാരിൽനിന്നാണ് പി.ടി.എ. യുടെ ഉത്തരവാദിത്വങ്ങൾ വഹിക്കുന്ന പി.ടി.എ. പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്നതെന്നോർക്കണം. അധികാരം കേന്ദ്രീകരിക്കപ്പെടേണ്ടത് പുരുഷനിലാണെന്ന ആണധികാര രാഷ്ട്രീയത്തിന്റെ പ്രകടനമാണിവിടെയെല്ലാമുള്ളത്. പുരുഷാധികാര വ്യവസ്ഥിതി രൂപപ്പെടുത്തിയിട്ടുള്ള ലിംഗാധിഷ്ഠിത തൊഴിൽ വിഭജനത്തിന്റെ ധാരണകൾ പാഠപുസ്തകങ്ങളിലൂടെ പങ്കുവെയ്ക്കപ്പെടുന്നുണ്ട്.

നിലവിലുള്ള ചരിത്രം പുരുഷന്റെ ചരിത്രമാണ്. പ്രതിസന്ധികളെ അതിജീവിച്ച് മുഖ്യധാരാഇടങ്ങളിൽ നിന്നു പോരാടിയ ധീരവനിതകൾ ഒട്ടേറെയുണ്ടെങ്കിലും എഴുതപ്പെട്ട ചരിത്രങ്ങളെല്ലാം അവരെ അവഗണിക്കുന്ന കാഴ്ചയാണുള്ളത്. ചരിത്രത്തിൽ സ്ത്രീകൾക്ക് സംഭവിച്ച അദൃശ്യത പാഠപുസ്തകങ്ങളിലും ദൃശ്യമാണ്. സ്വാതന്ത്ര്യസമര സേനാനികളുടെ കൂട്ടത്തിലോ സാമൂഹ്യപരിഷ്കർത്താക്കളുടെ പട്ടികയിലോ സ്ത്രീകൾനേതൃസ്ഥാനത്ത് അണിനിരന്ന ചാന്നാർലഹളയെക്കുറിച്ചുള്ളവിവരണത്തിനിടയിലോ സ്ത്രീകൾക്ക് അർഹിക്കുന്ന പ്രാധാന്യം ലഭിക്കുന്നില്ല. കലാ-സാംസ്കാരികശാസ്ത്രരംഗങ്ങളിൽ കഴിവുതെളിയിച്ച

പുരുഷവർഗ്ഗത്തിൽപ്പെട്ട മഹദ്വ്യക്തികളെക്കുറിച്ചുള്ള അദ്ധ്യായങ്ങളും വിവരണങ്ങളും പാഠപുസ്തകങ്ങളിലുണ്ട്. എന്നാൽ അത്തരം മേഖലക ളിൽ പ്രശസ്തരായ സ്ത്രീ പ്രതിഭകളോട് അവഗണനാമനോഭാവമാണ് പുലർത്തുന്നത്. നാലാം ക്ലാസിലെ പരിസരപഠനം പുസ്തകത്തിലെ 'മാനത്തേക്ക്' എന്ന അദ്ധ്യായത്തിൽ ചന്ദ്രനിൽ ഇറങ്ങിയ നീൽആം സ്ട്രോങ്ങ് എന്ന ബഹിരാകാശസഞ്ചാരിയെക്കുറിച്ചുള്ള വിവരണം നൽകിയിട്ടുണ്ട്. അതേസമയം ബഹിരാകാശസഞ്ചാരിയായ കല്പനാ ചൗളയെന്ന ധീരവനിതയെക്കുറിച്ച് ഒരു സൂചനയും പാഠഭാഗത്തില്ല. മഹാന്മാരായ പുരുഷന്മാരുടെ ദൃശ്യവത്കരണം പാഠപുസ്തകങ്ങളിൽ സുലഭമാണെങ്കിൽ മഹദ്വനിതകളുടെ അഭാവമാണ് പാഠപുസ്തകങ്ങ ളിൽ മുഴച്ചുനില്ക്കുന്നതെന്ന് പറയേണ്ടിവരും.

സ്ത്രീകൾ പരാമർശവിധേയമാകുന്ന സന്ദർഭങ്ങളുടെ പരിസരമെന്നത് വൈയക്തികമായ നേട്ടങ്ങളോ കഴിവുകളോ ഒന്നും പരിഗണിക്കാതെ സൗന്ദര്യത്തിന്റെയും സ്വഭാവസവിശേഷതകളുടെയും അടിസ്ഥാന ത്തിലുള്ളതാണ്. ഇതിനു സമാനമായ അളവുകോലുകൾ തന്നെയാണ് സ്ത്രീലിംഗത്തിൽപ്പെട്ട പക്ഷിമൃഗാദികളെക്കുറിച്ച് പരാമർശിക്കുന്നിടത്തും കാണാനാകുന്നത്. ഒന്നാം ക്ലാസിലെ മലയാള പുസ്തകത്തിലെ ഒരുഭാഗം നോക്കാം. "തത്തമ്മ പെണ്ണ്, കണ്ണിൽ മഷി എഴുതി. നെറ്റിയിൽ സിന്ദൂരം തൊട്ടു. ചുണ്ടിൽ ചെഞ്ചായം പൂശി. സുന്ദരിതത്ത കണ്ണാടിയിൽ നോക്കി. നല്ലഭംഗി" (പുറം-138, 2016) ഇവിടെ സ്ത്രീലിംഗത്തിൽപ്പെട്ട തത്തമ്മയുടെ സൗന്ദര്യവും അംഗവർണ്ണനയുമാണ് നൽകിയിരിക്കുന്നത്. ചിഞ്ചുപൂച്ച, അമ്മിണിയാട്, ജൂലിത്താറാവ്, പൂവാലിപ്പശു, ചക്കി ക്കോഴി എന്നീ സ്ത്രീലിംഗത്തിൽപ്പെട്ട മൃഗങ്ങളെക്കുറിച്ച് പറയുന്നിടത്ത് സുന്ദരി, പാവം, ദുർബല, നിഷ്കളങ്ക, സേവക, ഉപകാരി എന്നിങ്ങനെ യുള്ള സ്ത്രീസഹജമായ വിശേഷണങ്ങൾ ആവർത്തിക്കപ്പെടുകയാണ്. ആൺകോയ്മ നിർമ്മിച്ചെടുത്ത ആൺ/പെൺ ലിംഗവ്യത്യാസത്തിന്റെ തലങ്ങളാണിവിടെ പ്രകടമാകുന്നത്. സ്ത്രീകൾ സന്നിഹിതമായിരിക്കുന്ന ഇടങ്ങളിലൂടെയും സ്ത്രീകളെക്കുറിച്ച് പരാമർശിക്കപ്പെടുന്ന സന്ദർഭങ്ങളി ലൂടെയും സ്ത്രീയും പുരുഷനും രണ്ടുവ്യത്യസ്തവിഭാഗമാണെന്നധാരണയെ ഉറപ്പിച്ചെടുക്കാനുള്ള ശ്രമം പാഠപുസ്തകങ്ങളിലുണ്ട്.

ആണധികാരലോകത്തിന്റെ താല്പര്യങ്ങൾക്കനുസൃതമായ സ്ത്രീബിം ബത്തിന്റെ ചിത്രീകരണമാണ് പാഠപുസ്തകങ്ങളിലേറെയുള്ളതെങ്കിലും പുരുഷമാനദണ്ഡങ്ങൾക്കനുസരിച്ച് നിർവ്വചിക്കപ്പെട്ടിരിക്കുന്ന സ്ത്രീസ്വ ത്വത്തെ സംബന്ധിച്ചുള്ള സങ്കല്പനങ്ങളെ വിമർശനവിധേയമാക്കുന്ന

പാഠങ്ങൾ ചെറിയതോതിലാണെങ്കിലും പാഠപുസ്തകങ്ങളിൽ ഇടംപിടിച്ചിട്ടുള്ളത് പ്രശംസനീയമാണ്. അഞ്ചാംക്ലാസിലെ ഇംഗ്ലീഷ് പുസ്തകത്തിലെ ഒരു കവിത നോക്കാം.

Mirror, Mirror
Don't display my eyes
Don't display my hair
Don't display my teeth

Mirror, Mirror
Display my Courage
Display my Knowledge
Display my Voyage
Display my Message
Display my Passage
To go in the right direction as you show. ' (പുറം - 19, 2016)

കവിതയുടെ താഴെ കണ്ണാടിയിൽ നോക്കി നില്ക്കുന്ന പെൺകുട്ടിയുടെ ചിത്രം കൊടുത്തിട്ടുണ്ട്. സ്ത്രീകളുടെ യഥാർത്ഥ കഴിവുകളും നേട്ടങ്ങളുമൊന്നും പരിഗണിക്കാതെ ശരീരസൗന്ദര്യത്തിന്റെ അടിസ്ഥാനത്തിൽ സ്ത്രീകളെ നോക്കികാണുന്ന ആണധികാര വ്യവസ്ഥിതിക്കെതിരെയുള്ള ശക്തമായ വിമർശനമാണീകവിത. തന്റെ ബാഹ്യശരീരത്തെ പ്രതിഫലിപ്പിക്കാതെ ആന്തരികമായി പ്രസരിക്കുന്ന അറിവും കഴിവും ആത്മധൈര്യവും ജീവിതപാഠവുമെല്ലാം പ്രതിഫലിപ്പിക്കാനാണ് കവിതയിലെ പെൺകുട്ടി ആവശ്യപ്പെടുന്നത്. നിലവിലുള്ള യാഥാസ്ഥിതിക മനോഭാവത്തിന്റെ പൊളിച്ചെഴുത്താണിവിടെ. പുരുഷാധിപത്യസമൂഹം വാർത്തെടുത്ത സ്ത്രീമാതൃകകളെ തിരസ്കരിച്ച് സ്ത്രീയുടെ യഥാർത്ഥസ്വത്വത്തിന്റെ പ്രകാശനമാണ് സാധ്യമാകേണ്ടത്.

കുറിപ്പുകൾ

1. എ. ശ്രീധരമേനോന്റെ കേരളചരിത്രം എന്ന കൃതിയിലെ 'പാശ്ചാത്യ വിദ്യാഭ്യാസവും ക്രിസ്ത്യൻമിഷനറിമാരുടെ പ്രവർത്തനങ്ങളും' എന്ന ഭാഗം കാണുക.
2. വികാസ്പീഡിയയിലെ 'പ്രാചീനകാലവും ആധുനികകാലവും'എന്ന ലേഖനം കാണുക.
3. യാക്കോബ് തോമസിന്റെ 'ലൈംഗികത വിലക്കപ്പെട്ട ക്ലാസ്മുറികൾ' എന്ന ലേഖനം കാണുക. ഏഷ്യാനെറ്റ് ന്യൂസ് ഓൺലൈൻ, മാഗസിൻ, ജനു. ഒന്ന്, 2018
4. കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ?, ജെ. ദേവിക. "സ്ത്രീയുടെയും പുരുഷന്റെയും ശാരീരികപ്രത്യേകതകൾക്കിണങ്ങുന്ന സ്വഭാവഗുണങ്ങളും മനോഗതിയും

പ്രകൃതിതന്നെ അവർക്കു നല്കിയിരിക്കുന്നുവെന്നും ഇവയിലൂടെയാണ് സ്ത്രീയുടെയും പുരുഷന്റെയും സാമൂഹികനില നിർണ്ണയിക്കേണ്ടതുമെന്നും മിഷനറിമാരും മറ്റുപരിഷ്കരണകുതുകികളും ഒരുപോലെ വാദിച്ചു."

5. Simone de Beauvoir, Second Sex എന്ന കൃതി കാണുക.
6. Judith butler, Gender Trouble എന്ന കൃതി കാണുക.

## ഗ്രന്ഥസൂചി

1. ദേവിക. ജെ., 2000, സ്ത്രീവാദം, ഡി.സി. ബുക്സ്, കോട്ടയം.
2. ലീലാവതി. എം., 2000, ഫെമിനിസം ചരിത്രപരമായ ഒരന്വേഷണം, പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം.
3. Sara Salih, 2007, Judith Butler, Routledge.